# ഓളങ്ങൾ

## DIGITAL MAGAZINE- 2018-19

little KITEs

**Fr.GKM HSS Kaniyaram**

# MESSAGE



**Dear Students,**

**Congratulations for your new venture of e -magazine ! We are living in a fast changing world in which media has a leading role. Hence we have to learn to use it effectively and creatively. Initiatives like this will help you for the same. In order to achieve common goals we need shared vision ,mutual co-operation ,hard work,and above all ,faith and trust in God.**

**Your personality is reflected in all aspects of your character :the choices you make the friends your choose and responsibilities you undertake. Always uphold the dignity of people and respect moral values .What you are is God's gift to you .What you become is your gift to God and to the world bring out the best in you.**

**With warm wishes and invoking God's blessing ,**
**Fr. Paul Mundolickal**

**Manager**
**GKMHSS Kaniyaram**

# ആശംസ



വിദ്യാഭാസം ഒരുവനെ സ്വയം കണ്ടെത്താൻ സഹായിക്കുന്ന വേദിയാണ്.ഇവിടെ ശാസ്ത്രവും സാഹിത്യവും, ഭാഷയും, ചരിത്രവും, ഗണിതവുമെല്ലാം തന്നിലെ കഴിവുകളുടെ മാറ്റുരയ്ക്കുന്ന വേദികളാണ്.അവിടെ സ്വയം തിരിച്ചറിയാനും തന്നിലെ കണ്ടെത്തലുകളുടെ മാറ്റ് കൂട്ടാനും ഓരോരുത്തരും പ്രാപ്തരാകണം എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.സ്കൂൾ മാഗസിൻ എന്ന ഈ ഉറക്കല്ലിനു ഒരുപാടു കഴിവുകളെ തെളിയിക്കാൻ കഴിയട്ടെ.....

ഫാ.ജോഫ്രി പോൾ കളരിക്കൽ

അസി. മാനേജർ , ജി.കെ.എം.എച് എസ് എസ്, കണിയാരം

## ആശംസ



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തങ്ങൾ വളരെ മികച്ച രീതിയിൽ നടന്നുവരികയാണ് . ഐ.ടി അധിഷ്ഠിത അറിവുകൾ നേടിയും പങ്കുവെച്ചും കുട്ടികൾ വളർന്നുവരട്ടെ. കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ അറിവുകൾ സർഗാത്മക കഴിവുകളോട് ചേർത്ത് ആവിഷ്കരിച്ച ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനായി അണിയറയിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

ഷാജു പി എ.

ഹെഡ് മാസ്റ്റർ

ഫാ.ജി.കെ.എം.എച്.എസ് .എസ് കണിയാരം

## ആശംസ

ജി.കെ.എം.എച്.എസ് .എസിലെ ലിറ്റൽ കൈറ്റ്സിന്റെ അഭിമാന

മുദ്രയായി മാറുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു..

സ്നേഹപൂർവ്വം..

ജോസ് കിഴക്കേൽ

പി.റ്റി.എ.പ്രസിഡന്റ്

## <u>ആശംസ</u>

**ലിറ്റൽ കൈറ്റ്സ് മാഗസിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ...**

**സ്നേഹപൂർവ്വം..**

**സ്വപ്ന ആന്റണി**

**എം പി.റ്റി.എ.പ്രസിഡന്റ്**

# സ്റ്റാഫ് എഡിറ്റോറിയൽ

കരുത്താർന്ന പ്രതിഭകളെ വാർത്തെടുക്കുന്ന ഉലയാണ് വിദ്യാലയങ്ങൾ . സർഗ്ഗ പ്രക്രിയയെ വിവര സാങ്കേതിക വിദ്യയിലൂടെ ആത്മസാക്ഷാത്കാരത്തിനുതകുന്ന കവിതയായ്, കഥയായ്,ലേഘനമായ് ഇതൾ വിരിക്കുന്ന ഈ പരിശ്രമത്തെ നിങ്ങൾക്കായി സാദരം സമർപ്പിക്കുന്നു.

സ്റ്റാഫ് എഡിറ്റേഴ്സ്

സുനീഷ് .പി.ജോസ്, ലില്ലി പി.എസ്



# സ്റ്റുഡന്റ്സ് എഡിറ്റോറിയൽ

പ്രിയ കൂട്ടുകാരെ,

ഇത് നിങ്ങളുടേതാണ്...നിങ്ങൾ

പകുത്തുവെച്ചചിന്തകൾ....ഭാവനകൾ...ആശയങ്ങൾ... ഞങ്ങൾ

പകർത്തിവെച്ചെന്ന മാത്രം...ഈ എളിയ പരിശ്രമത്തെ ഇരു കൈകളും

നീട്ടി സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ ഇതാ ഇത് നിങ്ങൾക്ക്

മുൻപിലേക്ക്...

എഡിറ്റോറിയൽ ബോർഡ്

രാഹുൽ Liberation Sans

അഭിനവ് എൻ

മാളവിക

അനുശ്രീ

അഭിനവ് കെ

അലൻ ടോം ജോസ്

# ലിറ്റൽ കൈറ്റ്സ് യൂണിറ്റ്



# മഞ്ഞിമാഞ്ഞൊരാമുഖം

## എന്റെ സമരണയിൽ

അശ്വനി 9,ഡി

മങ്ങിമാഞ്ഞരുആനനം

എന്റെ സ്മരണയിൽ

മങ്ങി മാഞ്ഞൊരു ശ്രവണയാന്ദം

കേൾക്കുവാൻ ഇമ്പമുള്ള

കാണുവാൻ ചന്ദ്രശോഭയാർന്ന

കമലദളമിഴികളിൽ ഉപ്പുരസമാർന്ന

ച്ചുടുരക്തത്തിൻ പകരമായ്

ഒഴുകുന്ന കണ്ണുനീരുമായി

ചെറുതായി പൊട്ടിച്ചിരിമുളച്ച



മന്ദഹാസവുമായി നീ

എൻ കണ്ണിലെ കൃഷ്ണമണിക്കുള്ളിൽ

മായാ  ഒർമയായി

നിന്ന ഛായയെ ചവിട്ടി

ഞാൻ നടന്നയാ രാപകലിൽ

നീയെന്റെ  കരങ്ങൾ മുറുക്കിപ്പിടിച്ചതും

മുന്നിലേക്ക് കുതിക്കുംതോറും

കേൾക്കുവാനിമ്പമുള്ള

സ്നേഹരാഗമായ്

പിന്നാലെ കിതച്ചോടിയതും

ഇന്ന് മായാ ഓർമകൾ മാത്രം

കണ്ടു ഞാൻ ഇന്നലയെന്ന

കിനാവിൻ

ബാല്യത്തിൽ ഞാൻ കണ്ട

അമ്മ തന്ന മുഖം...............

അമ്മയാണ് ഭൂമി

അമ്മയാണ് സ്നേഹം

അമ്മയാണ് സർവവും

# സ്വർഗ്ഗത്തേക്കാൾ സുന്ദരമാണീ സ്വപ്നം വിടരും ഗ്രാമം

വൈശാഖ് കെ ആർ,10 എ



**സെ**പ്റ്റംബർ 27, ലോക വിനോദസഞ്ചാര ദിനം. പ്രകൃതിയെ സ്നേഹിച്ച സുസ്ഥിര ടൂറിസം വികസനത്തിലൂടെ മുന്നേറുന്ന ഇന്ത്യ. അതിൽ ചാരുത തുളുമ്പി ഒഴുകുന്ന കേരളം. ലോകചരിത്രത്തിൽ നിത്യസൗന്ദര്യം ആർജിക്കാൻ കഴിഞ്ഞിട്ടുള്ള നാടാണ് കേരളം . 34 കായലുകൾ 44 നദികളാലും സമൃദ്ധമായ കേരങ്ങളുടെ നാട്. 2018 കേരളചരിത്രത്തിൽ ഒരുപക്ഷേ ഒരു കൺമഷി പൊട്ടുപോലെ കിടക്കാവുന്ന വർഷം. തുടക്കത്തിൽ ഓഗി, ശേഷം നാടിനെ കണ്ണീരിലാഴ്ത്തിയ പ്രളയം.

പുരാതനകാലത്ത് പെരിയാർ വെള്ളപ്പൊക്കത്തെ തുടർന്ന് നാമാവശേഷമായ മുസരീസ് തുറമുഖത്തെ പോലെ ഇന്ന് പല പുഴകളും കായലുകളും സമതലങ്ങളും നശിക്കുകയും വഴിമാറി ഒഴുകുകയും ചെയ്തു. ഇന്ത്യൻ ഭൂപടത്തിൽ ഒരു കൊച്ചു കൊതുമ്പുവള്ളം പോലെ കാണപ്പെടുന്ന കേരളം വിദേശീയർക്ക് പറുദീസയായ തിൽ അത്ഭുതമില്ല. അന്യസംസ്കാരത്തിൻറെവളയ ത്താലും സ്വന്തം പൈതൃകത്തെ പാലൂട്ടുന്ന മലയാളി ഓർക്കണമായിരുന്നു. പ്രകൃതിയും പ്രതികരിക്കുമെന്ന്. കേരളം മാത്രമല്ല ലോകത്തിലെപല സ്ഥലങ്ങളും ഇന്ന് ഭയപ്പെടുന്നത് അനുദിനം മാറുന്ന കാലാവസ്ഥയാണ്.

എല്ലാ കണക്കനുസരിച്ച് പോകുന്ന ഒരു കാലമുണ്ടായിരുന്നു എന്നാൽ അനുദിനം മാറുന്ന കാലാവസ്ഥ നൽകിയ സമ്മാനങ്ങൾ പലതാണ്. കേരളത്തിലെ പ്രളയം, ഒഡീഷയിലെ കനത്തമഴ ഓർക്കേണ്ടതുണ്ട് സർവ്വേണത ഉന്നതയിൽ നിൽക്കുന്ന മനുഷ്യൻ, സൈബർ യുഗത്തെ അടക്കിവാഴുന്ന ശിഷ്യൻറെ ചെയ്തികളിൽ പ്രകൃതി തകർന്നു, തിരിച്ചടിച്ചു. പ്രളയം ഒരു ഞെട്ടലോടെ അല്ലാതെ നമുക്ക് ഓർക്കാൻ കഴിയില്ല ഓർക്കണം എന്തെന്നാൽ കേരളത്തിൻറെ സാംസ്കാരിക ചിഹ്നമായ നിളയിൽ നിന്നും വാരിയെടുത്ത മണൽ ചാക്കുകൾ. ഏറ്റവും കൂടുതൽ വനമുള്ള ഇടുക്കിയിലും ശതമാനാടിസ്ഥാനത്തിൽ കൂടുതലുള്ള വയനാട്ടിൽ നിന്നും നാം

നശിപ്പിച്ച ഹെക്ടർ കണക്കിന് വനങ്ങൾ.

കേരളത്തിൻറെ നെല്ലറകൾ ആയ പാലക്കാടും കുട്ടനാടും ഇന്ന് വരൾച്ചയുടെ വക്കിലാണ്. സമൃദ്ധിയുടെ ഉത്സവമായ ഓണം കടന്നുപോയി, കേരളത്തിലുണ്ടായ ദാരുണ ദുരന്തത്തിന് പശ്ചാത്തലത്തിൽ പൂക്കളമിടാൻ മുറ്റം എവിടെ. ഇനിയൊരു ലോകമഹായുദ്ധം ഉണ്ടായാൽ അത് ജലത്തിനു വേണ്ടിയായിരിക്കും എന്ന് ചിന്തിക്കാൻ ആവുന്നില്ല .നാളെ എന്ത്? എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രളയമോ വരൾച്ചയോ? ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമായി കാലാവസ്ഥവ്യതിയാനം മാറി. ഈ നാടിന് വന്ന മാറ്റം കണ്ടാൽ ഞെട്ടിപോകും അത്രയ്ക്ക് വൃത്തിഹീനം ആയിരിക്കുന്നു നമ്മുടെ നാട്. നാടിനെക്കുറിച്ച് പുകഴ്ത്തി പാടിയ കവിക്ക് തെറ്റി. തെറ്റിയത് അവർക്കല്ല നമുക്കാണ്. ഇൻറർലോക്ക് ഇട്ട് മണ്ണിനെ സംരക്ഷിക്കുന്നവൻ പ്ലാസ്റ്റിക് ഭൂമിയെ പുതപ്പിക്കുന്ന ആളുകൾ! ക്ലോറോ ഫ്ലൂറോ കാർബൺ മൂലം വിള്ളൽ വീണ ഓസോൺ പാളിയും, മഞ്ഞുരുകാൻ തുടങ്ങിയ അൻറാർട്ടിക്ക, ജലസമൃദ്ധി കുറയുന്ന

ചാവുകടൽ ജോർദാനും നമുക്ക് തരുന്നത് ഒരു മുന്നറിയിപ്പാണ്.

" ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ? "

എന്ന് ഇഞ്ചക്കാട് ബാലചന്ദ്രൻ പാടിയതിൽ സംശയമില്ല. നമുക്ക് അതിജീവിക്കണം, കാലാവസ്ഥ വ്യതിയാനം മൂലം നശിക്കുന്ന കാർഷിക സംസ്കാരത്തെ സംരക്ഷിക്കണം. അതിലൂടെ പ്രകൃതിദുരന്തങ്ങളെ ചെറുക്കണം. ബഷീർ പറയുന്നു." ഈ ഭൂമി നാം കടമെടുത്താണ്, വരുംതലമുറയിൽനിന്ന് ഒരു പോറൽപോലുമേൽക്കാതെ നാം അവർക്ക് തിരിച്ചുകൊടുക്കണം"മാറുന്ന കാലാവസ്ഥ നമുക്കൊരു വിലങ്ങുതടി ആവാതിരിക്കട്ടെ! അതിജീവിക്കാം, ഈ ലോകത്ത് ഇനിയൊരു ദുരന്തം ഉണ്ടാവില്ലെന്ന് പ്രാർത്ഥിക്കാം. നമുക്കൊരു സുസ്ഥിര വികസനം പ്രകൃതിയിലൂടെ................... സ്വർഗ്ഗത്തേക്കാൾ സുന്ദരമാണീ സ്വപ്നം വിടരും ഗ്രാമം...........................

# OH! MOTHER

Antania K Shaji,8 A



Oh,Mother the synonym for
love and kindness

And the biggest supporter I find

You teach me how to smile and cry

And teach me how to fly high.

When I am wrong you give me a beat

And when Icry you hug and kiss me.

You show me the way of life

And you are the life's way I say

When I am sick you are the doctor

When I am hungry you give me food

And when I am down you give me a shade
And when I am in trouble you give me power
When I'm lonely your face come my mind
Your heart is filled with forgivenesses
Where I find real happiness
When I sleep your soft hands touch my heel
Without that I can't sleep ahead
The face of God I see in you
The bunch of joy I get from you
I can't measure the depth of your love
I don't know the width of your care
But when I measure you are the best
And when I test you are the best
When I'm in pain you cry more than me
Your prayer and care makes me pain free
You have only lovable and caring mind
Oh,Mother synonym of love and kindness
If I have one more life I like to be servant
Because I need your presence and
I don't have the quality to be your son

I know you'll never come back

Because you have lost the sight of earth

Now you are the angel of paradise

Even though,your thoughts and memories  empower meOh! Mother the synonym of love and kindness.

# പുനർജ്ജനിക്കുന്ന നോഹമാർ

മാളവിക എ ,9 എ

അമൽ .........അമ്മയുടെ ശബ്ദം തരംഗങ്ങളായി കാതുകളിലെത്തി നിദ്രയേ അലോസരപ്പെടുത്തികൊടിരുന്നു.അവയെ



അവഗണിച്ചുകൊണ്ടിരിക്കെ കാലുകൾ ഒന്നു നിലത്തെ സ്പർശിച്ചു. എന്നാൽ വിരലുകൾ സ്പർശിച്ചത് വെള്ളത്തിലായിരുന്നു ,ഉറക്കം ഉണരാൻ ഒരു നിമിഷം പോലും അധികമായി വന്നില്ല. കണ്ണ് മിഴിച്ചു നിൽക്കുന്ന എനിക്ക് ചുറ്റുമായി 'അമ്മ പപ്പാ പിന്നെ ആക്കുവും കുക്കുവും എന്റ്റെ ഇരട്ട സഹോദരകൾ കട്ടിലിനുതാഴെ, ഉപ്പൂറ്റിയുടെ ഉയരത്തിൽ വെള്ളം. അൽപ്പം ബീതി നിഴലിനു ഉച്ചയിൽ പപ്പാ പറഞ്ഞു. രാത്രി ഡാം തുറന്നുവിട്ടും വെള്ളം നല്ല ശക്തിയിൽ കയറുകയാണ്. എന്തെകിലും എടുക്കുവാൻ ഉണ്ടേകിൽ എടുത്ത് റക്അന്റിയുടെ വീട്ടിലേക്ക് പോകാം. ഏവരും ചില അവശ്യവസ്തുകൾ എടുത്ത് സ്കൂൾ ബാഗുകളിലർക്ക് തിരുകി കയറ്റി. അപ്പോഴ്ക്കും മുട്ടോളം ഉയരത്തിലേക്ക് വെള്ളം ഇരച്ചെത്തി. ഇളയവരുടെ കൈപിടിച് റക്അന്റിയുടെ വീട്ടിലെത്തി.പക്ഷെ നമ്മളെ സമാധാനിപ്പിക്കാൻ ഇടനിൽകാതെ വെള്ളം വീണ്ടും ഉയരുകയാണ്. താമസിയാതെ നമല്ലെലം ടെറസില്ലേക് മാറി. ചുറ്റുപാടും വെള്ളമാണ് കൂടാതെ ഭക്ഷണത്തിനും ശുദ്ധജലത്തിനും ഷമാണ്. ഒന്ന് കുളിച്ചിട്ടുതനെ 2 ദിവസമായി. പക്ഷെ പ്രളയം അവസാനിക്കുന്നില്ല ഏതു വിധിയെയും

ഒന്ന് രക്ഷപ്പെടുത്തുക എന്നത് മാത്രമായി മനസില്ല ചിന്ത. രക്ഷപ്പെടുത്താനുള്ള സന്ദേശം അയച്ചാലോ എന്നു ചിന്തിച്ചു പക്ഷേ മൊബൈലിനെ ചാർജില്ല. പഴയ നാവികർ ചെയ്യുന്നതുപ്പല്ലേ കുറിപ്പിൽ സന്ദേശം എഴുതി അയച്ചല്ലോ എന്നുവരെ കരുതി പക്ഷേ കുപ്പിയുമില്ല പാപേരുമില്ല പേനയുമില്ല. അവസാനത്തെ പ്രതീക്ഷയും നക്ഷപെട്ടു എന്നാൽ ഞകല്ലേ സഹായഹതം നീട്ടി കൊണ്ടേ അവരെത്തി; ഞകല്ലേ പൃച്ചത്തോടെ കണ്ടിരുന്നു മൽസ്യ തൊഴുലാളികൾ. അങ്ങ് ദൂരെ ഒരു ബോട്ട് കൊണ്ട് ക്ലവി വിളിക്കുവാൻ ഞങ്ങൾ ശ്രെമിച്ചു. എന്നാൽ കഷ്ടിച്ച് ഒരു ശബ്ദം മാത്രം പുറത്തു വന്നു. ബോട്ടിൽ ആരോ ഞങ്ങളുടെ നേരെ കൈ ചൂണ്ടുന്നത് അൽപ്പം സമയങ്ങൾക്ക് ശേഷം ബോട്ടിൽ വിറങ്ങലിച്ചിരിക്കുമ്പോൾ മനസിലേയ്ക്ക് ഒരു ബൈബിൾ വചനം ഓടി വന്നു."ഞാൻ നിങ്ങളെ മനഷ്യനെ പിടിക്കുന്നവരായ്ക്കാം ".അതേ,ഞങ്ങളെപ്പോലുള്ള സാധു മനുഷ്യരുടെ ഇപ്പോഴത്തെ പിടിവള്ളി നിങ്ങളാണ്.ഞങ്ങളുടെ രക്ഷകർ ,ദൈവങ്ങൾ.കാരണം ഇത് ദൈവത്തിന്റെ സ്വന്തം നാടാണ്.മനുഷ്യത്തം നശിച്ചിട്ടില്ലാത്ത ദൈവങ്ങളുടെ നാട്.

# I LOST MY SHELTER



Angel Rose Paul

My mother is like a tree

She caries me

She trains me

She gives shade to me.

She makes me happy like a flower

She cools me like a shower

She mingles like my best friend

She protects me like a precious stone.

I am a garden

Where my mother is a farmer

She gives water to me

In the form of love.

Bright and light

My mother is the right

Twinkle or brinkle

My mother will always twinkle.

I can ' t measure her

Because she is a treasure.

I Can't test her

Because she is the best.

The wind is blowing

The trees are dancing

The leaves are singing

The moon is smiling.......

# മഴ പെയ്യുമ്പോൾ

അൻജന.എം.എം 9 ഡി

മഴ പെയ്യുമ്പോൾ

പാടം കാണാൻ

നമുക്ക പോയാലോ

മഴ പെയ്യുമ്പോൾ

മീനുകളെ കാണാം

മഴയുടം പാട്ടിന് താളം കോട്ടും

തവളകളെ കാണാം

പാട്ടും കൊട്ടും കേട്ട രസിക്കും

നെൽച്ചെടികൾ കാണാം



മഴ മേഘങ്ങൾ മേഞ്ഞു നടക്കും

ആകാശം കാണാം

മഴയുടെ താളം മേളം കേൾക്കാം

നമുക്ക പോയാലോ

# I FELT I WAS ALONE ALL ALONE

Antania K Shaji

Full of darkness,strong sound of harsh thunder. Jessy was alone in one room ,far away from her her house She entered there when the strong rainfalls while she was playing with her dog 'buddy'.But now her dog had vanished to some where .So she was scared and get into the room now .She can't go home because of strong rain and thunder.




She remembered her mother's voice,'Oh,dear Jessy don't go here and there is a change for heavy rainfall". Jessy disobeyed her mother and escaped from her home. She spent half an hour with no friends,no food and no hope. She could not find the way to home. But she knew that her parents would be looking for her. She shouted from there '"O,here I am all alone". Time passed,she didn't meet any one. But she thought that the rain would stop very soon. But it didnt happen. The rain became heavier and heavier .And the room she sat was affected by soil erosion and a big rock come near to Jessy, she cried louder "help me,please",her parents came to her bed room.

Seeing her mother Jessy hugged her and said "Ma,I felt I was alone,all alone" And she explained the dream she saw. Her motherlaughed and say to her, Jessy, "oh my dear,now your understand what will happen if you disobey elders. Be obedient" .

Don’t lose our courage even though we are alone always have a hope. “Where there is will, there is a way”.

# കണ്ണുനീര് നോവിന്റെ മാധുര്യം

അലീന



ഇന്ന് എന്റെ മനസ്സിലെ പൊട്ടുന്നനയായ ഒരോർമ്മ മാത്രമായി ആ ദിനം അവശേഷിക്കുന്നു... അന്ന് പെയ്തമഴ എന്നെ തലോടിയിരുന്നു. അത് എന്റെ അമ്മച്ചിയുടെ സ്നേഹമായിരുന്നു അനുഗ്രഹമായിരുന്നു. എന്റെ ജീവിതത്തിൽ മരവിച്ച കണ്ണും മരവിച്ച മനസ്സുമായ് അത് അടക്കപ്പെട്ടൊരു സ്വപ്നമായ് മാറിയിരിക്കുന്നു. എന്റെ നിലവിളിയും രോദനവും ഉയരുമ്പോഴും എന്നെ ആശ്വസിപ്പിക്കുന്ന ഒരു സ്നേഹഹസ്തമാണ്.

വന്നവഴികളേ നേരിട്ടതും ആ സ്നേഹം ഓർത്താണ്. ചിലർ എന്നെ കളിയാക്കുമ്പോൾ ചിരിക്കാൻ പഠിപ്പിച്ചതും ആ സ്നേഹമാണ്. ജിവിതമാകുന്ന അനശ്വരയാത്രയിൽ കൂടെയുള്ളതും ആ

സ്നേഹമാണ്. എന്റെ സംരക്ഷണവലയമാണ് ആ സ്നേഹം . നിറങ്ങളില്ലാത്ത അന്ധകാരത്തിൽ മൂടപ്പെട്ട വിണ്ടുകീറപ്പെട്ട ഒരു സ്നേഹമാണ് എന്റെത്. അത് എന്റെ അമ്മച്ചിയാണ്.

സങ്കട സമുദ്രത്തിൽ മുഴങ്ങുമ്പോഴും ഉയിർപ്പ് ഉണ്ടാകുമെന്ന് പ്രതിക്ഷിക്കുന്നത് ആ സ്നേഹത്തെ ഓർത്താണ്. വിരളമായ സ്വപ്നങ്ങൾ മാത്രം ബാക്കി വച്ച് അകാലത്തിൽ പൊലിഞ്ഞ എന്റെ സ്നേഹം. ആ സ്നേഹത്തിന്റെ പ്രാർത്ഥനകൊണ്ടാണ് ഞാൻ ജീവിക്കുന്നത്. "എന്റെ സ്നേഹമേ" എന്ന് നിലവിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അടക്കപ്പെട്ടതല്ല തുറക്കപ്പെട്ട സ്നേഹമാണ് എന്റെ അമ്മച്ചി. നീലാകാശത്തിൽ വിസ്ഫോടനമഴ ഉയർന്നപ്പോൾ ഞാൻ ഓർത്തു , അമ്മച്ചിയെ നേരത്തെ വിളിച്ചത് നന്നാ എന്റ കണ്ണുകൾക്ക് വിസ്മയ മഴ പെയ്യിച്ച ആരാത്രി.

എന്തുകൊണ്ട് എനിക്കറിയില്ല. ആ രാത്രി ഞാൻ ഏറെ ഇഷ്ടപ്പെട്ടതായിരുന്നു.ആറക്കോവേണ്ടിപെയ്തമഴ കുളിർമഴ ഘോരാ ഘോഷമായി മാനത്തിൽ നിന്നുംസ്വർണ്ണ താളത്തോടെകോട്ടിയിറങ്ങിയ മഴ. മനസ്സിൽ പൂത്തൊരു....കുളിർമ.

ഇന്ന് എന്റെ മനസ്സിലെ പൊട്ടുന്നനയായ ഒരോർമ്മ മാത്രമായി ആ ദിനം അവശേഷിക്കുന്നു. അന്ന് പെയ്തമഴ എന്നെ തലോടിയിരുന്നു. അത് എന്റെ അമ്മച്ചിയുടെ സ്നേഹമായിരുന്നു അനുഗ്രഹമായിരുന്നു. എന്റെ ജീവിതത്തിൽ മരവിച്ച കണ്ണും മരവിച്ച മനസ്സുമായ് അത് അടക്കപ്പെട്ടൊരു സ്വപ്നമായ് മാറിയിരിക്കുന്നു. എന്റെ നിലവിളിയും രോദനവും ഉയരുമ്പോഴും എന്നെ ആശ്വസിപ്പിക്കുന്ന ഒരു സ്നേഹഹസ്തമാണ്.

വന്നവഴികളേ നേരിട്ടതും ആ സ്നേഹം ഓർത്താണ്. ചിലർ എന്നെ കളിയാക്കുമ്പോൾ ചിരിക്കാൻ പഠിപ്പിച്ചതും ആ സ്നേഹമാണ്. ജിവിതമാകുന്ന അനശ്വരയാത്രയിൽ കൂടയുള്ളതും ആ സ്നേഹമാണ്. എന്റെ സംരക്ഷണവലയമാണ് ആ സ്നേഹം . നിറങ്ങളില്ലാത്ത അന്ധകാരത്തിൽ മൂടപ്പെട്ട വിണ്ടുകീറപ്പെട്ട ഒരു സ്നേഹമാണ് എന്റെത്. അത് എന്റെ അമ്മച്ചിയാണ്.

വിരളമയ സ്വപ്നങ്ങൾ മാത്രം ബാക്കി വച്ച് അകാലത്തിൽ പൊലിഞ്ഞ എന്റെ സ്നേഹം. ആ സ്നേഹത്തിന്റെ പ്രാർത്ഥനകൊണ്ടാണ് ഞാൻ ജീവിക്കുന്നത്.

'ഇതിനുമുമ്പ് ഞാൻ മഴ കണ്ടട്ടില്ലേ....? എന്തോ..'ആ മഴയ്ക്ക് സന്തോഷത്തിന്റെ മാത്രമല്ല , നൊമ്പരത്തിന്റെയും ചുവയുണ്ട്. അനുഭവമാണ് ഓരോ മനുഷ്യനെയും മനുഷ്യനാക്കുന്നത്. എന്റ്

കണ്ണുനീർ നിലയ്ക്കാത്ത പ്രവാഹമായിരുന്നു. നൊമ്പരത്തിന്റെ തീകടലായിരുന്നു ഞാൻ. ഒന്നാം ക്ലാസ് വരെ മാത്രം ലഭിച്ച അമ്മച്ചിയുടെ സ്നേഹം. ഭാഗ്യമില്ലാത്തവൾ ആണ് ഞാൻ. ഏറെ കഥകൾ, പാട്ടുകൾ , പ്രാർത്ഥനകൾ പറഞ്ഞുതരാൻ എന്റെ അമ്മച്ചിക്ക് സാധ്യമായില്ല. വരളുന്ന മാസം.

ആ മാസം എന്റെ ജീവിതത്തിൽ വെറുക്കപ്പെട്ട ഒന്നാണ്. എന്തിനുവെണ്ടി എന്നറിയാതെ മാലാഖമാർ മേഘവാഹനത്തിൽ എന്റെ അമ്മച്ചിയെ കൊണ്ടുപോയി. ഒരോ മനുഷ്യന്റെയും ജീവിതമാണ് അവരവരുടെ കഥ. എന്റെ കഥ ഇതാണ്.

ഇന്നെന്റെ അമ്മച്ചിയുടെ മാറിൽ തലവച്ച് കിടക്കാൻ , ഒരുമ്മ നൽകാൻ തോന്നുന്നു. വറ്റിവരണ്ട ഭൂമിയ്ക്ക് കുളിർതെന്നലും തെളിനീരായിരുന്നു. എന്നാൽ ഞങ്ങൾക്കത് നിലയ്ക്കാത് കണ്ണുനീരായിരുന്നു.യെന്ന്. 8 വർഷം പിന്നിടുമ്പോഴും ആ സ്നേഹത്തിന് കോട്ടം തട്ടിയിട്ടില്ലെന്ന് അറിയിക്കും ഞാൻ .

എന്റെ ജീവിതമാകുന്ന പാലത്തിലൂടെ നൂൽകമ്പികൾക്കിടയിലൂടെ പോകുമ്പോൾ താഴെനോക്കാതെ പാലം കടന്നുവരും ഞാൻ നിര്യാതമായ ശരീരമായി . അന്ന് ഞാൻ എന്റെ സ്നേഹത്തെ പുണരും. അപ്പോൾ ........... ഞാൻ അകാലത്തിലേക്ക പോയ്മറയും. എന്നാണെന്നറിയില്ല...........! സ്വപ്നങ്ങളിൽ പോലും പെയ്ത് തോരാത്ത കണ്ണീർമഴയാണ് എന്റെ സ്നേഹം. അന്ന് അതെന്റെ വർണ്ണങ്ങളുള്ള സ്വപ്നമാകും.

ഓരോ പ്രതീക്ഷകളാണ് മനുഷ്യനെ കടലിന്റെ കരയിലെത്തിക്കുന്നത്.
ഇന്ന് ഞാനും പ്രതീക്ഷകളുള്ള സ്വപ്നങ്ങളുള്ളയൊരു പക്ഷിയാണ്. ചിറകടിച്ച് ഉയരാൻ അന്തവിഹസ്സിലേകനായി ഒന്നാമതായി ഉയരാൻ ആഗ്രഹിക്കുന്നു. എന്റെ സംരക്ഷണകവചം ഞാൻ തേടില്ല ,എന്റെ കൂടെ തന്നെ ഉണ്ടാകും. ആ പക്ഷി തുരുത്തകൾയാത്രതുടരും......

# Mother the light of the world

Anamika Binod 10th A



Mother you are the light of the world,

What makes you so bright?

You are the shine of world

Mother the beautiful world.

You are a teacher,

You are a perfect mother other than,

You are the mirror of god .

Your love flows like a waterfall,

Never stops and take back,

Flows only down,

Down and down.

Mother you are the valuable gift of God,

That never returns,

That never looses.

The important role in our life,

Mother!She can either be a friend,

Or a positive thinker.

You are an ocean,

You swing,like sea waves

Your loves, your care,

Have no at last.

Mom  is a bridge,

Between children and husband.

That strong bridge never broke,

Until she leaves from earth.

Mom  is a book,

Gives us valuable lessons.

Mom becomes old,

But book never fades.

Mother is a candle,

Candle light for others.

Strong winds blows

But light never blinds.

You are the only one

Person in world,

Who struggle,suffer pains

Think, it was only for us.

She lives not  only for her heart

She struggles and suffer not only for her heart

But at last,

Her position becomes last.

Mom,you are the

Sun in sky,

Who delivers dawn.

Never fades, no at last,


You are a mom,

We love you....

# മണ്ണിൽ നടന്നോളൂ

അഭിരാമി 8 എ

മണ്ണിൽ നടന്നോളൂ
മണ്ണിൽ കളിച്ചോളൂ
കണ്ണി മാങ്ങയുപ്പും
കൂട്ടി കഴിച്ചോളൂ
വിണ്ണിലേക്കു പാറും
സ്വപനങ്ങൾ കണ്ടോളൂ
കുഞ്ഞികാലും രണ്ടും
മണ്ണിലൂറയ്ക്കേണം
മാവും പ്ലാവും  കണ്ടോ
വേരും മണ്ണിലല്ലേ



പച്ചിലയുംകണ്ടോ
വൃത്തിയായിട്ടല്ലേ
തെല്ലും സംശയിക്കേണ്ട
നടന്നോളൂ നീയും ഈ മണ്ണിൽ..

# ഇറ്റിറ്റു വീണ കണ്ണുനീർ

അലൻ ടോം ജോസ്, 9 എ



പവനിൽ കതിരുകളാടിയുലയുമ്പോൾ

കാണുന്നു ഞാനാ വയലുതൻ ദുഖം

ഒരു പേമാരി വന്നാവയലിൻ

ഹൃദയത്തിലേക്കാഴ്ന്നിറങ്ങി

കുത്തിനോവിക്കുന്നിതാ അവളുടെ

ലോലമാം ശരീരത്തെ

കാണാമറയത്തെക്കൊലിച്ചുപോയിതാ

പ്രകൃതിതൻ സൗന്ദര്യം.

ജാതിമതഭേദമില്ലാതെയൊരുമിച്ച്

കൈപിടിച്ചുനിന്ന നാളുകൾ

ഞാനുമിന്നിതാ സ്മരിക്കുന്നു

മനുഷ്യ ഹൃദയത്തിലെ മതചങ്ങലയെ

പൊട്ടിച്ചെറിഞ്ഞ്മാറിനിന്ന്

അലറിവിളിക്കുന്നു പ്രളയം....

എത്രയെത്ര ജീവനുകളെടുത്തു ഈ പേമാരി...

ഭൂമിയെ നോവിച്ചാൽ ശ്രദ്ധിക്കുക;

ഭൂമിതൻ  ചുടുകണ്ണീരീ പ്രളയം.....

# സ്വപ്നം യാഥാർത്ഥ്യം

അനുശ്രീ പ്രമോദ്, 9 ഡി

ഒരിടത്ത് കൽപ്പന എന്ന പേരുള്ള ഒരു സ്ത്രീ താമസിച്ചിരുന്നു. അവരുടെ വിവാഹം കഴിഞ്ഞിരുന്നു. ഭർത്താവിന്റെ പേര് ബാലൻ എന്നായിരുന്നു. അവർക്ക് ഒരു മകനുണ്ടായിരുന്നു. അവന്റെ പേര് ദിലീപ് എന്നായിരുന്നു. അവന്റെ പ്രായം 30 വയസ്സ് ആയിരുന്നു. ഒരുദിവസം അവന്റെ അച്ഛൻ മരണപ്പെട്ടു. അങ്ങനെ ഒരു വർഷം നടന്നു നീങ്ങി. ദിലീപിന് കല്യാണപ്രായം എത്തി. അവന്റെ കല്യാണം ഉറപ്പിച്ചു. ഒരു സാധാരണ കർഷക കുടുംബമായിരുന്നു ദിലീപിന്റെ ഒരു നാടൻ തറവാടായിരുന്നു അവരുടേത്. എന്നാൽ അവനുമായി കല്യാണമുറപ്പിച്ച പ്രിയയുടെ ഫാമിലി ഉയർന്ന പദവിയിലായിരുന്നു. പ്രിയ ഒരു എൻജിനീയറായിരുന്നു. എന്നാൽ ദിലീപ് ഒരു പ്രൈവറ്റ് കമ്പനിയിലെ ക്ലാർക്ക് ആയിരുന്നു. പ്രിയയുടെ ഫാമിലിക്ക് ദിലീപിൻറെ ഫാമിലിയുമായുള്ള ബന്ധത്തിന് താൽപ്പര്യമില്ലായിരുന്നു. എന്നാൽ മനപ്പൊരുത്തം എന്നൊന്ന് ഉള്ളതിനാൽ അവരുടെ വിവാഹം ആഡംബരപൂർവ്വം നടന്നു. ആദ്യദിവസങ്ങളിൽ എല്ലാം പ്രിയ നല്ലരീതിയിൽ തന്നെ പെരുമാറി. പക്ഷേ എസിയിൽ കിടന്നുറങ്ങിയ പ്രിയയ്ക്ക് ദിലീപിൻറെ വീട്ടിലെ കാറ്റും തണുപ്പും ഒന്നും പിടിച്ചില്ല. ഒരു ദിവസം അത് സംഭവിച്ചു ചായയുടെ ട്രേയുമായി അമ്മ അകത്തേക്ക് നടന്നു വന്നപ്പോൾ ചവിട്ടികൾ കാൽവഴുതി ട്രേയിലെ ചായ മുഴുവൻ പ്രിയയുടെ ദേഹത്തുടെ മറിഞ്ഞു. മിനിട്ടിന് മേക്കപ്പ് ഇട്ടിരുന്ന മുഖത്ത് ചൂടുചായ മറിഞ്ഞ് പൊള്ളിപ്പോയി.

ആകെ സമനിലതെറ്റിയ അവൾ കൈവീശി ആ പാവം പ്രായമായ

അമ്മയുടെ മുഖത്തിന് ആഞ്ഞടിച്ചു. പണിയെടുക്കാതെ തിന്ന് തടിച്ചുകൊഴുത്ത പ്രിയ വയലുകളിലും വീട്ടിലും പണിയെടുത്ത് പ്രായമായ ആ അമ്മയെ തല്ലുമ്പോൾ എങ്ങനെയിരിക്കുമെന്ന് നമുക്കു മനസ്സിലാക്കാം.അവൾ കൽപ്പിച്ചു എൻറെ മുറി വൃത്തിയാക്കിയിട്ട് പോയാൽ മതി. അമ്മ പറഞ്ഞു ശരി മോളെ......, അങ്ങനെയിരിക്കെ ഒരു ദിവസം നവമിക്ക് വീട് വൃത്തിയാക്കുകയായിരുന്നു അമ്മ. പ്രിയ ജോലിക്കു പോയിരിക്കുകയായിരുന്നു. അമ്മ അലമാരയിൽ ചുരുട്ടിക്കൂട്ടി വെച്ചിരുന്ന പേപ്പറുകൾ എടുത്തു കത്തിച്ചു. അതിനിടയിൽ പ്രിയയുടെ പെൻഡ്രൈവ് ഉണ്ടായിരുന്നു. ജോലി കഴിഞ്ഞ് തിരിച്ചെത്തിയ പ്രിയ അലമാരയിൽ പെൻഡ്രൈവ് നോക്കി അവിടെ എങ്ങും അത് കണ്ടില്ല.അവൾ അമ്മയോട് ചോദിച്ചു അമ്മ പറഞ്ഞു അലമാരയിൽ ചുരുട്ടി കൂട്ടി വച്ച കടലാസൊക്കെ ഞാൻ കത്തിച്ചു അതിൽ അതിൽ പേന ഒന്നും ഉണ്ടായിരുന്നില്ലല്ലോ. അയ്യോ എൻറെ പെൻഡ്രൈവ് തള്ള കത്തിച്ചോ ദൈവമേ........, ഇനി ഞാൻ ക്ഷമിക്കില്ല. ഒരിക്കൽ എൻറെ മുഖം പൊള്ളിച്ചു അത് ഞാൻ സഹിച്ചു ഇനി ഞാൻ ക്ഷമിക്കില്ല. ഈ തള്ളയെ വല്ല വൃദ്ധസദനത്തിലും കൊണ്ടുചെന്ന് ആക്കണം. അവൾ ഇക്കാര്യം ഭർത്താവിനോട് പറഞ്ഞു. ഭാര്യയുടെ സങ്കടം ഭർത്താവിനെ മനസ്സിലായി. അവൾ പറഞ്ഞു ശരി........ അവൻ അമ്മയെ വൃദ്ധസദനത്തിൽ ആക്കി. ഒരുരാത്രി പ്രിയ ഉറങ്ങുമ്പോൾ അവളൊരു സ്വപ്നം കണ്ടു വയസാകുമ്പോൾ തൻറെ മകൻറെ ഭാര്യ തന്നോട് അമ്മയോട് ചെയ്ത കാര്യം കാര്യങ്ങൾ ചെയ്യുന്നത്. അവർക്ക്

അന്ന് ഉറങ്ങാൻ കഴിഞ്ഞില്ല നേരം വെളുക്കുന്നത് വരെ അവൾ അതുതന്നെ ചിന്തിച്ചിരുന്നു. അവൾ ഭർത്താവിനോട് തന്നെ സ്വപ്നം പറഞ്ഞു. നമുക്ക് നമ്മുടെ അമ്മയെ തിരിച്ചുകൊണ്ടുവരണം. അങ്ങനെ അവർ അമ്മയെതിരിച്ചു കൂട്ടിക്കൊണ്ടുവന്നു. സുഖമായി ജീവിച്ചു എല്ലാവർക്കും സ്വന്തം ജീവിതത്തിൽ അനുഭവം വരുമ്പോഴാണ് മറ്റുള്ളവരുടെ അവസ്ഥ മനസ്സിലാകുന്നത്

# ഭാരതം എൻറെ നാടാണ്

ഐവിൻ തോമസ്,9C

**പ്രിയ സഹോദരി സഹോദരങ്ങളേ, പ്രിയ കൂട്ടുകാരെ,**

ഭാരതം എൻറെ നാടാണ്. എല്ലാ ഭാരതീയരും എൻറെ സഹോദരീസഹോദരന്മാരാണ് . ഈ പ്രതിജ്ഞ ഓർമ വെച്ച കാലം മുതൽ നമ്മൾ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നതാണ് എന്നാൽ ഇതിൻറെ അർത്ഥം ഇന്നത്തെ കാലത്ത് നമ്മൾ മനസ്സിലാക്കുന്നില്ല. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഭാരതം.

1947 ആഗസ്റ്റ്15- ന് ഭാരതം ബ്രിട്ടീഷുക്കാരുടെ അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യം നേടി.100 കോടിയോളം ജനസംഖ്യയുള്ള ഭാരതം ഒരു



മതേതര രാഷ്ട്രീയമാണ്. ഭാരത സ്വാതന്ത്ര്യ സമരത്തിൻറെ നായകനായ ഗാന്ധിജിയുടെ സമരമാർഗം

അഹിംസയിൽ ആയിരുന്നു. ലളിതജീവിതവും എന്ന ചിന്താഗതിയും ആയിരുന്നു ഗാന്ധിജിയുടെ ആശയം. ലോകജനതയ്ക്ക് പോലും മാതൃകാപുരുഷനായിരുന്നു നമ്മുടെ രാഷ്ട്രപിതാവ് മഹാത്മഗാന്ധി നമുക്ക് പകർന്നുതന്ന സാഹോദര്യവും ധൈര്യവും നമുക്ക് ഇന്നും ഉണ്ടോ? മകരം മതേതര രാഷ്ട്രീയമായിരുന്ന ഭാരതത്തെ ഇന്ന് വർഗീയതുടയും രാഷ്ട്രീയ സ്വാർത്ഥതാല്പര്യങ്ങൾക്കും നാടാക്കി മാറ്റാൻ എന്ന് പലരും ശ്രമിക്കുന്നു. അതിനെതിരെ ശബ്ദം ഉയർത്താൻ നമുക്ക് ധൈര്യമില്ല. അല്ലെങ്കിൽ ധൈര്യം കളിച്ചാൽ തന്നെ അവരെ ഒറ്റപ്പെടുകയും കൊല്ലുവാൻ പോലും മടിയില്ലാത്തവരുടെ നാടാക്കി മാറുകയാണ് ഇന്ന് ഭാരതം.മതത്തിലെയും രാഷ്ട്രീയത്തിലെയും പേരിൽ ഒരാളെ വെട്ടിക്കൊന്നിട്ട് ദുഃഖാചരണം നടത്തുന്ന എന്നപേരിൽ ഹർത്താൽ നടത്തുകയും പൊതുമുതൽ നശിപ്പിക്കുകയും നടുറോഡിൽ തടഞ്ഞുവയ്ക്കുകയും ചെയ്യുന്നതാണോ സമ്പൂർണവും വൈവിധ്യപൂർണവുമായ നമ്മുടെ നാടിൻറെ പാരമ്പര്യം.



ഞാൻ എൻറെ രാജ്യത്തിൻറെ എന്നെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐക്യത്തിനുവേണ്ടിപ്രയത്നിക്കും എന്ന് പ്രതിജ്ഞ ചെയ്തു പഠിച്ച നമ്മളിന്ന് ചെയ്യുന്നതെന്താണ് എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ച കഴിഞ്ഞിരിക്കുന്നു.നമ്മുടെയുവതലമുറയ്ക്ക് നല്ല ചിന്താശേഷിയും ചിന്താശേഷിയും പ്രതികരണശേഷിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് ഇന്ന് ഗോമാതാവിനനെ പേരിലും നമ്മൾ തല്ലുന്ന പ്രിയ സഹോദരങ്ങളെ, പ്രിയ സഹോദരങ്ങളെ നമുക്ക് സ്വാതന്ത്ര്യം കിട്ടിയത് എന്തിനാണ്? നമ്മൾ നല്ലവനാണോ അതോ പരസ്പരം വെട്ടി കീറാൻ ആണോ?

ഗാന്ധിജി പഠിപ്പിച്ച അഹിംസ മാർഗ്ഗത്തിലൂടെ നമുക്ക് കൂടെ സുന്ദരമായ

ഭാരതത്തെ പടുത്തുയർത്താം. ഭാരതമെന്ന നാടാണ് എന്നുപറയുമ്പോൾ നമ്മുടെ ഹൃദയം ഉണരണം. രക്തം തിളക്കണം. അഭിമാനത്തോടെ ഞാൻ ഭാരതീയനാണ് എന്നു പറയാൻ നമുക്ക് കഴിയണം ഞാനെന്നെ മാതാപിതാക്കളേയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും എന്നാണ് നമ്മൾ പഠിച്ചത് പ്രിയ കൂട്ടുകാരെ നമ്മുടെ ഈ പ്രതിജ്ഞ വെറുതെ പഠിക്കാൻ മാത്രമല്ല പ്രവർത്തിക്കാനും കൂടിയുള്ളതാണ്.




തിരക്കുപിടിച്ച ആധുനിക ലോകത്ത് നമുക്ക് ഭാരതത്തിലെ പരമോന്നത മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ കഴിയട്ടെ. പൂർവികർ കൈമാറുന്ന ഭാരതമെന്ന അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാൻ, ഭാരതത്തിൻറെ അന്തസിനെ ലോകരാജ്യങ്ങളും മുൻനിരയിൽ നിർത്താൻ നാം

എപ്പോഴും ശ്രമിക്കണം നമ്മുടെ നാടിനെ കാത്തു സൂക്ഷിക്കുന്ന ധീര ജവാന്മാരുടെ ബലികൊടുത്ത നമുക്ക് ഭാരതത്തെ കാത്തുസൂക്ഷിച്ച് നമ്മുടെ പ്രിയ ജവാന്മാരെ ഒരുനിമിഷം ആദരപൂർവ്വം സ്മരിക്കാം നമുക്ക് സ്മരിക്കാം. അവർ ജീവൻകൊടുത്ത് സംരക്ഷിച്ച നമ്മുടെ ഭാരത അമ്മയെ നമുക്ക് ചേർത്തുപിടിക്കണം.

നന്ദി നമസ്കാരം ജയ് ഹിന്ദ്.

# കളിചിരി


അഞ്ജന എം എം 9 D



# മടിയനു പറ്റിയ അമളി

അനുശ്രീ പ്രമോദ് 9 ഡി

ഒരിടത്ത് ചിന്നു എന്ന് പേരുള്ള മിടുക്കിയായ കുട്ടിയുണ്ടായിരുന്നു. ഏതുകാര്യത്തിനു വിളിച്ചാലും മിടുക്കി ചിന്നു പോവും. അതുപോലെ അവൾ പഠനത്തിലും മിടുക്കിയായിരുന്നു. അവൾക്ക് ഒരു ഇരട്ട സഹോദരി ഉണ്ടായിരുന്നു. അവളുടെ പേര് മിന്നു എന്നായിരുന്നു. അവൾക്ക് ഏത് സമയവും കളിയുടെ വിചാരം മാത്രമേ ഉണ്ടായിരുന്നുള്ളു. പഠനം അവൾക്ക് ഇഷ്ടമില്ലായിരുന്നു. ചിന്നു പഠിക്കുമ്പോൾ മിന്നു കൂട്ടുകാരുടെ കൂടെ കളിക്കാനോടും. ചിന്നു പറയും "മിന്നു കളിച്ച് സമയം കളയല്ലേ വന്നിരുന്ന് പഠിക്ക്". അപ്പോഴാണ് മിന്നുവിന്റെ രൂക്ഷ മറുപടി "പഠിച്ചിട്ടൊക്കെ എന്താകാര്യം ആ സമയത്ത് കൂടെ കളിച്ച് നടക്കുന്നതല്ലെ രസം ചിന്നു....", അങ്ങനെ പരീക്ഷ കാലം വന്നെത്തി ചിന്നു ഉറക്കം ഒഴിച്ച് പഠിച്ചു. മിന്നു കൂർക്കം വലിച്ച് കിടന്നുറങ്ങി. ചിന്നു ഒഴിവു സമയങ്ങളിലെല്ലാം പഠിച്ചു. മിന്നു കുരുത്തകേട് കാട്ടി നടന്നു. പരീക്ഷ തുടങ്ങി ചിന്നു നന്നായി പരീക്ഷ



എഴുതി. മിന്നു ആകട്ടെ ചോദ്യപ്പേപ്പർ നോക്കി അന്തം വിട്ട് നിന്നു. പരീക്ഷയുടെ റിസൾട്ട് വന്നു. ചിന്നു 100 ൽ 100 വാങ്ങി വിജയശ്രീലാളിതയായി നിന്നു. മിന്നുവാകട്ടെ തോറ്റും പോയി. കൂട്ടുകാരും ടീച്ചർ മാത്രം ചിന്നുവിനെ അഭിനന്ദിച്ചു. മിന്നുവിനെ കളിയാക്കി ഓടിച്ചു. ഓട്ടത്തിനിടയിൽ മിന്നു ഓർത്തു കളിച്ച സമയത്ത് വല്ലതും പഠിച്ചിട്ടുണ്ടായിരുന്നാൽ ഞാനും സ്കൂളിലെ സ്റ്റാർ ആയേനെ എന്ന്. പിന്നെ ചിന്നുവിനെ പോലെ മിന്നുവും പഠിക്കാൻ തുടങ്ങി.

# ജനനിതൻ ദുഃഖം

ദിൽഫാ ഷെറിൻ 8 എ

പിളരുന്ന, പൊലിയുന്ന

കേരള ജനതതൻ ഒരായുസിനധ്വാനംപൊട്ടിച്ചിതറുന്ന

ചില്ല കണ്ണാടിപോലെയീ..... കേരളം.......

എത്രയെത്ര സ്വപ്നങ്ങൾ തകരുന്നു,

എത്രയെത്ര ജീവനുകൾ പൊലിയുന്നു

ഭൂമി കരയുമ്പോൾ ദൈവത്തിൻ

സ്വന്തം നാടിതാ തകരുന്നു



പ്രളയ ചങ്ങലയെ പൊട്ടിച്ചെറിയുന്നു

കേരള ജനതതൻ ഒരുമ

കാണാമറയത്തേക്ക് മറഞ്ഞിടുന്ന

കേരളമേ..............!

നിൻ മക്കൾ നിനക്കായി കൊതിക്കുന്നു......

# സൃഷ്ടി സ്ഥിതി സംഹാരം

ജിയ പി ബിജു,9A

ഞാനൊഴുകേണ്ട വഴികളിൽ
നിങ്ങൾ മതിലുകൾ കെട്ടി...
പ്രാണനാകേണ്ടയെന്റെ ജലത്തെ
നിങ്ങൾ പായ്ക്കറ്റിലാക്കി...
എന്റെ ശുദ്ധവസ്ത്രം നിങ്ങൾ മലിനമാക്കി



ഒടുവിൽ ഞാൻ കുതിച്ചുപാഞ്ഞു...
ഞാനൊഴുകിയ വഴികളിലെ
മതിലുകൾ ഇല്ലാതായി
എന്റെ വഴികളിൽ നിങ്ങൾ
കെട്ടിയ മതിലുകൾ ഞാൻ
തകർത്തപ്പോൾ,

ആ വഴിയെ ജാതിയും മതവും പോയിമറഞ്ഞു.
നിങ്ങൾ ഒന്നായി എല്ലാ മതിലും
തകർന്നപ്പോൾ ഞാൻ പിൻവാങ്ങി
അവിടെയിനി ഞാനൊഴുകില്ല
അവിടെ സ്നേഹപ്പുഴകൾ ഒഴുകട്ടെ
ഒരുപാട് പേരെ ഞാൻ കരയിച്ചു...
എന്നിട്ടുമെന്തേ കണ്ടില്ല എന്റെ കണ്ണുനീർ?

# <u>മരങ്ങൾ നടാം</u>

അക്ഷയ എസ്  9 ഡി



മരങ്ങൾ നമ്മുടെ മിത്രങ്ങൾ

മരങ്ങൾ വച്ച് പിടിപ്പിക്കു

മരങ്ങൾ എന്നും തണൽ നൽകും

മരങ്ങൾ വച്ചു പിടിപ്പിക്കു

നമുക്ക് തിന്നാൻ കായ്കനികൾ

നൽകീടുന്നത് മരമാണ്.

നമ്മൾ ശ്വസിക്കും വായുവിലെ

മാലിന്യങ്ങൾ മരം മാറ്റും.

പെരുമഴ  പെയ്യും നേരത്ത്

കുത്തിയൊലിക്കും നേരത്ത്

തടയണമെങ്കിൽ മരം വേണം

മരങ്ങൾ വച്ച് പിടിപ്പിക്കൂ..

കാടുകൾ വെട്ടി വെളുപ്പിച്ചാൽ
ഉറവകൾ വറ്റും പുഴ വറ്റും
അതിനാൽ കൂട്ടരെ നാം ഓർക്കൂ
മരങ്ങൾ വച്ചു പിടിപ്പിക്കൂ..

# ഇറ്റിറ്റു വീണ കണ്ണുനീർ

അലൻ ടോം ജോസ്

പവനിൽ കതിരുകളാടിയുലയുമ്പോൾ

കാണുന്നു ഞാനാ വയലുതൻ ദുഖം



ഒരു പേമാരി വന്നാവയലിൻ

ഹൃദയത്തിലേക്കാഴ്ന്നിറങ്ങി

കുത്തിനോവിക്കുന്നിതാ അവളുടെ

ലോലമാം ശരീരത്തെ

കാണാമറയത്തെക്കൊലിച്ചുപോയിതാ

പ്രകൃതിതൻ സൗന്ദര്യം.

`ജാതിമതഭേദമില്ലാതെയൊരുമിച്ച്

കൈപിടിച്ചുനിന്ന നാളുകൾ

ഞാനുമിന്നിതാ സ്മരിക്കുന്നു

മനുഷ്യ ഹൃദയത്തിലെ മതചങ്ങലയെ

പൊട്ടിച്ചെറിഞ്ഞ്മാറിനിന്ന്

അലറിവിളിക്കുന്നു പ്രളയം....

എത്രയെത്ര ജീവനുകളെടുത്തു ഈ പേമാരി...

ഭൂമിയെ നോവിച്ചാൽ ശ്രദ്ധിക്കുക;ഭൂമിതൻ ചുടുകണ്ണീരീ പ്രളയം.....

# നന്ദി

**കൂടെ നിന്നവർക്ക്...**

**ആശയങ്ങൾ പകർന്നവർക്ക് ...**

**നിർദ്ദേശങ്ങൾ നൽകിയവർക്ക്...**

**പിന്നെ ഞങ്ങളുടെ പ്രിയ അധ്യാപകർക്ക്....**

